**കൊച്ചി മെട്രോ ഫേസ് 1 എ പദ്ധതിയിൽ ഉൾപ്പെട്ട വടക്കേക്കോട്ട സ്റ്റേഷൻ സ്ഥലമെടുപ്പ് നടപടിയുടെ ഭാഗമായി സാമൂഹ്യ പ്രത്യാഘാത പഠനയൂണിറ്റായ കേരള വോളന്ററി ഹെൽത്ത് സർവ്വീസ് (കെ. വി. എച്ച്. എസ്സ്) കോട്ടയം സമർപ്പിച്ച റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ വിദഗ്ദ്ധ സമിതി ചെയർപേഴ്സൺ ന്റെ നേതൃത്വത്തിൽ തയ്യാറാക്കിയ അവലോകന റിപ്പോർട്ട്.**

കൊച്ചി മെട്രോ നിർമ്മാണത്തോടനുബന്ധിച്ച് വടക്കേക്കോട്ട റെയിൽവേ സ്റ്റേഷൻ നിർമ്മാണത്തിനായി 0.9779 ഹെക്ടർ സ്ഥലം പൂണിത്തുറ വില്ലേജിൽ നിന്നും ആർ.എഫ്.സി.റ്റി.എൽ.എ.ആർ.ആർ ആക്ട് 2013 പ്രകാരം നടപടി സ്വീകരിക്കുന്നതിനായി 4.12.2015-ാം തീയതിയിൽ ലഭിച്ച റിക്വസിഷന്റെ അടിസ്ഥാനത്തിൽ എറണാകുളം ജില്ലാകളക്ടറുടെ ജി.ഒ.(പി) നമ്പർ 649/2015/ആർ.ഡി.നമ്പർ നടപടി പ്രകാരം സ്പെഷ്യൽ തഹസീൽദാർ (എൽ.എ) നമ്പർ-1 കൊച്ചി മെട്രോ റെയിൽ പ്രോജക്ട് സ്പെഷ്യൽ തഹസീൽദാർ (എൽ.എ) നമ്പർ -2 കൊച്ചി മെട്രോ റെയിൽ പ്രോജക്ട് എന്നിവരെ ലാൻഡ് അക്വസിഷൻ ഓഫീസർമാരായി നിയമിച്ചിട്ടുള്ളത്.

എൽ.എ.ആർ.ആർ.ആക്ട് 2013 പ്രകാരം സാമൂഹ്യ പ്രത്യാഘാത പഠനം നടത്തുന്നതിനായി കേരള വോളന്ററി ഹെൽത്ത് സർവ്വീസ് എന്ന സ്ഥാപനത്തെ തിരഞ്ഞെടുത്തിട്ടുള്ളതും എൽ.എ.ആർ.ആർ.ആക്ട് 2013 ചട്ടം1(3) പ്രകാരമുള്ള 4(1) നോട്ടിഫിക്കേഷൻ ജില്ലാകളക്ടർ അംഗീകരിച്ചിട്ടുള്ളതും രണ്ടു മാസത്തിനുള്ളിലും ആറ് മാസത്തിൽ കവിയാതെയും സാമൂഹ്യ പ്രത്യാഘാത പടനത്തിന്റെ അന്തിമ റിപ്പോർട്ട് 12.12.2019 തീയ്യതി കേരള വെളന്ററി ഹെൽത്ത് സർവ്വീസ് സമർപ്പിച്ചിട്ടുള്ളതാണ്.

പ്രസ്തുത റിപ്പോർട്ടിൻ പ്രകാരം കൊച്ചിൻ മെട്രോയുടെ നിർദ്ദിഷ്ട പദ്ധതി ജനങ്ങളുടെ സുഗമവും വേഗത കൂടിയതും സൗകര്യപ്രദവുമായ യാത്ര സൗകര്യത്തിന് വഴിയൊരുക്കുന്നതും എല്ലാ ഗതാഗത മാർഗ്ഗങ്ങളേയും സംയോജിപ്പിച്ച് വടക്കേക്കോട്ട നഗരത്തിന്റെ മുഖഛായ മാറ്റിയെടുക്കുവാൻ ഉതകുന്നതുമാണ്. തൃപ്പൂണിത്തുറയിലും എസ്.എൻ ജംഗ്ഷനിലും ഉള്ള ഗതാഗതകുരുക്ക് ഗണ്യമായി കുറയ്ക്കുവാൻ വടക്കേക്കോട്ട റെയിൽവേ സ്റ്റേഷൻ നിർമ്മാണത്തിനോടുകൂടി സാധിക്കുന്നത് മൂലം ആർ.എഫ്.സി.റ്റി എൽ.എ.ആർ.ആർ.ആക്ട് 2013 വകുപ്പ് (2) ഉപവകുപ്പ് 16 (11) നിഷ്കർഷിക്കുന്ന പ്രകാരം ടി പദ്ധതി ഒരു പൊതുആവശ്യത്തിന് ഉതകുന്നതാണെന്ന് കമ്മിറ്റി അംഗീകരിച്ചു.

ആർ.എഫ്.സി.റ്റി എൽ.എ.ആർ.ആർ. ആക്ട് 2013 ലെ രണ്ടാം പട്ടികയിലും 29.12.2017 ലെ റവന്യു (ബി) ഡിപ്പാർട്ട്മെന്റിന്റെ ജി.ഒ (എം.എസ്) 448/2017 ആർ.ഡി.നമ്പർ ഉത്തരവ് പ്രകാരം നിഷ്കർഷിക്കുന്ന ന്യായമായ നഷ്ടപരിഹാരം, പുനരധിവാസം, പുനസ്ഥാപനം എന്നിവ അർഹരായ കുടുംബാംഗങ്ങൾക്ക് നൽകുന്നതുവഴി പദ്ധതിയുടെ പ്രത്യാഘാതം കുറക്കാവുന്നതാണെന്നും അപ്രകാരം പദ്ധതി നടപ്പിലാക്കുമ്പോൾ ഉണ്ടാകുന്ന പ്രയോജനങ്ങൾ പ്രോജക്ടിന്റെ ഭാഗത്തുണ്ടാകാവുന്ന സാമൂഹ്യചെലവുകളേയും സാമൂഹ്യ പ്രത്യാഘാതങ്ങളേയും അപേക്ഷിച്ച് വളരെ വലുതാണെന്നും വിദഗ്ദ്ധ സമിതി അഭിപ്രായപ്പെട്ടു.

വടക്കേകോട്ട റെയിൽവേ സ്റ്റേഷൻ നിർമ്മാണത്തോടനുബന്ധിച്ച് 0.9779 ഹെക്ടർ വിസ്തൃതമായ സ്ഥലം ഏറ്റെടുക്കുന്നതിന്റെ ആവശ്യകതയെ സംബന്ധിച്ച് ജനപ്രതിനിധികൾ തങ്ങളുടെ സന്ദേഹം വിദഗ്ദ്ധ സമിതിയുടെ മുൻപാകെ പ്രകടിപ്പിക്കുകയുണ്ടായി. പ്രസ്തുത സന്ദേഹത്തിന് മറുപടിയായി ടി പദ്ധതി സെൻട്രൽ ഗവൺമെന്റ് അംഗീകാരം നൽകണമെങ്കിൽ "പ്രോജക്ട് ഡവലപ്മെന്റ്" എന്ന കംപോണന്റ് ഉണ്ടാകണം, കൂടാതെ റവന്യൂ ജനറേറ്റ് ചെയ്യാൻ സാധിക്കുന്ന ഏതെങ്കിലും പദ്ധതി കൂടി ഇതിനോടനുബന്ധിച്ച് നടപ്പിലാക്കേണ്ടത് അനിവാര്യമാണെന്നും എങ്കിൽ മാത്രമേ ടി പദ്ധതിക്ക് അനുമതി ലഭിക്കുകയൊള്ളൂ എന്നും കൊച്ചി മെട്രോ പ്രതിനിധി അറിയിക്കുകയുണ്ടായി. ആയതിനാലാണ് ഇത്രയും അധികം സ്ഥലം വടക്കേകോട്ട റെയിൽവേ സ്റ്റേഷൻ നിർമ്മിക്കുന്നതിനായി ഏറ്റെടുക്കുന്നത് എന്നും അറിയിച്ചു. ജനപ്രതിനിധികൾ അംഗീകരിച്ചതായി വിദഗ്ദ്ധ സമിതിയ്ക്ക് ബോധ്യപ്പെടുകയുണ്ടായി.

കാൽനടക്കാർക്ക് സുഗമമായ നടപ്പാത ഉണ്ടാക്കുവാൻ സാധിക്കുമോ എന്ന ജനപ്രതിനിധികളുടെ ചോദ്യത്തിന് ഉത്തരമായി വടക്കേകോട്ട ക്രോസ് ചെയ്യുന്നതിനുള്ള നടപ്പാത നിർമ്മിക്കണമെങ്കിൽ നാഷണൽ ഹൈവേ അതോറിറ്റിയുടെ അനുമതി നേടേണ്ടത് ഉണ്ട് എന്നും ഈ അനുമതി ലഭ്യമായാൽ നടപ്പാത നിർമ്മിച്ചു നൽകാമെന്ന് മെട്രോയുടെ പ്രതിനിധി അറിയിച്ചു. ഇതിനോടനുബന്ധിച്ച് നാഷണൽ ഹൈവേ അതോറിറ്റിയുടെ ബന്ധപ്പെട്ട ഉദ്യോഗസ്ഥരുമായി അന്വേഷിച്ച് നടപ്പാത നിർമ്മിക്കാനുള്ള സാധ്യത അറിയിക്കാമെന്നും സ്പെഷ്യൽ തഹസിൽദാർ വിദഗ്ദ്ധ സമിതിയ്ക്കു മുൻപാകെ അറിയിക്കുകയുണ്ടായി.

പദ്ധതിയുടെ നേട്ടങ്ങൾ കോട്ടങ്ങളേക്കാൾ വലുതാണെന്ന നിഗമനത്തിന്റെ അടിസ്ഥാനത്തിൽ ഈ പദ്ധതിയ്ക്കു വേണ്ടി ബന്ധപ്പെട്ട നടപടികൾക്ക് ആവശ്യമായ അംഗീകാരം നൽകാവുന്നതാണ്,

ഇത് സംബന്ധിച്ച് 12.12.2019 തീയ്യതി വൈകുന്നേരം 5 മണിയ്ക്ക് വിദഗ്ദ്ധ സമിതി ചെയർപേഴ്സൺന്റെ നേതൃത്വത്തിൽ നടത്തിയ വിദഗ്ദ്ധ സമിതി യോഗത്തിൽ മേൽപറഞ്ഞ വസ്തുതകളും വിശദമായി ചർച്ച ചെയ്തിട്ടുള്ളതും പ്രസ്തുത റിപ്പോർട്ട് അംഗീകരിക്കുന്നതിന് ഏകകണ്ഠേന യോഗത്തിൽ തീരുമാനിക്കുകയും കമ്മിറ്റിയിൽ പങ്കെടുത്ത എല്ലാവരും അംഗീകരിക്കുകയും ചെയ്തിട്ടുള്ളതാണ്. മേൽപറഞ്ഞ വസ്തുതകളുടെ അടിസ്ഥാനത്തിൽ നടപടികൾ സാധൂകരണം ലഭിക്കുന്നതിനായി ജില്ലാകളക്ടർ മുമ്പാകെ ഈ റിപ്പോർട്ട് സമർപ്പിക്കുന്നു.

കാക്കനാട്
17.12.2019

ശ്രീമതി. സവിത ഷേണായ്
വിദഗ്ദ്ധ സമിതി ചെയർപേഴ്സൺ